റേഷൻ വ്യാപാരികൾക്ക് ക്ഷേമ പദ്ധതി

59 [373] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര അംഗീകൃത റേഷൻ വ്യാപാരികളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-1-2000 മുതൽ റേഷൻ ചില്ലറ വ്യാപാരികൾക്കായി സർക്കാർ കേരള റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 309 അംഗീകൃത റേഷൻ മൊത്ത വ്യാപാരികളും 313 അംഗീകൃത റേഷൻ മണ്ണെണ്ണ മൊത്ത വ്യാപാരികളും 14138 അംഗീകൃത റേഷൻ ചില്ലറ വ്യാപാരികളും ഉണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പാചക വാതക വിതരണ കേന്ദ്രങ്ങൾ

60 [374] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എത്ര പാചക വാതക വിതരണ കേന്ദ്രങ്ങൾ നടത്തി വരുന്നുണ്ട്; അവ എവിടെയെല്ലാമാണ്;

(ബി) കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പുതുതായി പാചക വാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ കേരളത്തിലെ നഗരപ്രദേശങ്ങളിലെല്ലാം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഓരോ പാചക വാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും അതുവഴി പാചകവാതക വിതരണ മേഖലയിൽ ഗവൺമെന്റ് സാന്നിദ്ധ്യം ശക്തമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കരുനാഗപ്പള്ളി, കായംകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 4 പാചകവാതക വിതരണ കേന്ദ്രങ്ങൾ നടത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly